**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4569 **26.10.2016**-ലെ മറുപടിക്ക്

<u>പട്ടികജാതി കോളനികളിലെ നഴ്സറി സ്കൂളുകളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തൽ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി കോളനികളിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി പട്ടികജാതി വികസന വകുപ്പിനു കീഴിൽ എത്ര നഴ്സറി സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്; അതിൽ എത്ര നഴ്സറി സ്കൂളുകളിലാണ് നിഷ്കർഷിച്ച പ്രകാരമുള്ള കുട്ടികൾ ഇല്ലാത്തത്; | (എ) | പട്ടികജാതി വികസന വകുപ്പിനു കീഴിൽ 58 നഴ്സറികൾ പ്രവർത്തിക്കുന്നു. ഇതിൽ 35 നഴ്സറികളിൽ നിഷ്കർഷിച്ച പ്രകാരമുള്ള കുട്ടികൾ ഇല്ല. |
| (ബി) | ഈ നഴ്സറി സ്കൂളുകളിൽ പലതിലും ആവശ്യത്തിന് ഭൗതിക സാഹചര്യമില്ലാത്തത് ഇവയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നഴ്സറി സ്കൂളുകൾ പട്ടികജാതി വികസന വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് കൈമാറ്റം ചെയ്ത സ്ഥാപനങ്ങളാണ്. ഈ സ്ഥാപനങ്ങളുടെ ഭൗതികസാഹചര്യങ്ങൾ ഏർപ്പെടുത്തേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. |
| (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള ഇത്തരം നഴ്സറിസ്കൂളുകളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനും വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിനും പട്ടികജാതി വികസന വകുപ്പ് ഏതെങ്കിലും തരത്തിലുള്ള സഹായങ്ങൾ നൽകുന്നുണ്ടോ; എങ്കിൽ അവ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) | ഒരു കുട്ടിക്ക് ഒരു ദിവസത്തെ ഉച്ചഭക്ഷണത്തിന് 30 രൂപയും ഒരു വർഷം യൂണിഫോം തുണി വാങ്ങുന്നതിന് 300 രൂപയും ലംപ്സം ഗ്രാന്റ് 190 രൂപയും വകുപ്പിൽ നിന്നും അനുവദിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ